പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1929 08.12.2014-ൽ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. യിലെ റിസർവ് കണ്ടക്ടർമാർ**

ചോദ്യം

ശ്രീ. രാജു എബ്രഹാം :

ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | 31.12.2010 തീയതിയിലെ വിജ്ഞാപനം വഴി കെ.എസ്.ആർ.ടി.സി. യിലെ റിസർവ് കണ്ടക്ടർമാരുടെ എത്ര ഒഴിവുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്; ഇതിനുള്ള എഴുത്തു പരീക്ഷ എന്നാണ് നടത്തിയത്; ഇതിന്റെ റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത്; ഇതിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്; | (എ) | ഒഴിവുകളുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടില്ല. ടി തസ്തികയിലേക്ക് 09.06.2012-ൽ OMR പരീക്ഷ നടത്തി. 09.05.2013-ൽ ടി തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നു. പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ടി തസ്തികയിലേക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ടി റാങ്ക് ലിസ്റ്റിൽ പ്രാബല്യമുണ്ടായിരിക്കുന്നതല്ല. |
| (ബി) | ഈ ലിസ്റ്റിൽ നിന്നും എത്ര പേർക്കാണ് ഇതേവരെ പി.എസ്.സി അഡ്വൈസ് മെമ്മോ നൽകിയത്; ഇതിൽ നിന്നും എത്ര പേർക്കാണ് ഇതേവരെ നിയമനം ലഭിച്ചിട്ടുള്ളത്; ബാക്കി എത്ര പേർക്കാണ് ഇനി നിയമനം നൽകാനുള്ളത്; അഡ്വൈസ് മെമ്മോ ലഭിച്ചിട്ടും നിയമനം ലഭിക്കാത്തത് എന്തു കൊണ്ട് എന്ന് വിശദമാക്കാമോ; | (ബി) | 9300 പേർക്കാണ് നിയമന ശുപാർശ നൽകിയിട്ടുള്ളത്. അതിൻപ്രകാരം ആകെ 5363 പേർക്കാണ് ഇതുവരെ നിയമനം നൽകിയിട്ടുള്ളത്. ശേഷിച്ച 3937 പേർക്കാണ് ഇനി നിയമനം നൽകാനുള്ളത്.<br>05.11.2011-ൽ റിസർവ്വ് കണ്ടക്ടർമാരുടെ 8140 ഒഴിവുകൾ കെ.എസ്.ആർ.ടി.സി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിരുന്നു. കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരുടെയും, കണ്ടക്ടർമാരുടെയും ഒഴിവുകൾ നിശ്ചയിക്കുന്നത് ഓപ്പറേറ്റ് ചെയ്യുന്നതും പ്രാബല്യത്തിലുള്ളതുമായ ഷെഡ്യൂളുകൾക്ക് അനുസൃതമായിട്ടാണ്. ആയതനുസരിച്ച് കെ.എസ്.ആർ.ടി.സി.യിൽ 3,808 റിസർവ്വ് കണ്ടക്ടർമാരുടെ ഒഴിവുകളാണ് യഥാർത്ഥത്തിൽ ഉണ്ടായിരുന്നത്. ആയതിൽ തന്നെ 1,257 എണ്ണം നേരത്തെ കമ്മീഷൻ |

| | | | |
|---|---|---|---|
| | | | അഡൈ്വസ് ചെയ്തവർ ജോലിക്ക് ചേരാതിരുന്നതു മൂലം ഉണ്ടായ ഒഴിവുകളാണ്. ഈ ഒഴിവുകളെ സംബന്ധിച്ച് നേരത്തെ തന്നെ കോർപ്പറേഷൻ കമ്മീഷനെ അറിയിച്ചിരുന്നതുമാണ്. സ്ഥിരമായി ഓടിക്കുന്ന ഷെഡ്യൂളുകൾക്കു പകരം പല കാരണങ്ങളാൽ ഒരിക്കലും ഓടിക്കാത്തതും സ്ഥിരമായി ക്യാൻസൽ ചെയ്യുന്നതുമായ ഷെഡ്യൂളുകളും, തുടർ വർഷങ്ങളിൽ തുടങ്ങാൻ സാദ്ധ്യതയുള്ള ഷെഡ്യൂളുകളും കണക്കിലെടുത്താണ് ഒഴിവുകളുടെ എണ്ണം നിർണ്ണയിച്ചതും ആയത് കമ്മീഷനെ അറിയിച്ചിട്ടുള്ളതും. കമ്മീഷൻ അഡൈ്വസ് ചെയ്തതും അഡൈ്വസ് ചെയ്തിട്ടും ജോലിക്ക് ചേരാതിരുന്നതുമായ ഒഴിവുകളും ഈ ഒഴിവുകളോടൊപ്പം കൂട്ടി തെറ്റായ രീതിയിൽ കണക്കെടുപ്പ് നടത്തിയതു മൂലം സംഭവിച്ച പിശകുമൂലമാണ് ഇത്രയും അധികം എണ്ണം ഒഴിവുകൾ കമ്മീഷനെ അറിയിക്കാനിടയായിട്ടുള്ളത്. തെറ്റായി റിപ്പോർട്ട് ചെയ്ത 8140 ഒഴിവുകളിലേക്ക് നിയമന ശുപാർശ നൽകരുതെന്നും യഥാർത്ഥത്തിൽ ഒഴിവുള്ള റിസർവ്വ് കണ്ടക്ടർമാരുടെ 3808 തസ്തികകളിലേക്ക് മാത്രമേ നിയമന ശുപാർശ നൽകുവാൻ നടപടി സ്വീകരിക്കാവൂ എന്നും കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനോട് കോർപ്പറേഷനും, ഗവൺമെന്റും അഭ്യർത്ഥിച്ചുവെങ്കിലും ആയത് നിരസിച്ചുകൊണ്ട് കമ്മീഷൻ 9300 പേർക്ക് നിയമന ശുപാർശ നൽകുകയാണുണ്ടായത്. |
| (സി) | ലിസ്റ്റിൽ അവശേഷിക്കുന്നവർക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ നിയമനം നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (സി) | കെ.എസ്.ആർ.ടി.സി.യിൽ കണ്ടക്ടർമാരുടെ മതിയായ ഒഴിവുകൾ ഇപ്പോൾ നിലവിൽ ഇല്ലാത്തതിനാൽ ഒഴിവുകൾ ഉണ്ടാകുന്ന മുറക്ക് നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ